LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നാളെ പാർലമെന്റ് സമ്മേളനം ആരംഭിക്കുകയാണ്. ഈ പാർലമെന്റ് സമ്മേളനത്തിൽ നിയമഭേദഗതി പാസ്സായാലേ നമുക്ക് മേയ് മാസത്തെ ഇലക്ഷന് മുൻപ് കിട്ടുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ അങ്ങു പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ ഇത് പാർലമെന്റിൽ വന്ന് ഭേദഗതി പാസ്സാക്കിയെടുക്കാൻ പ്രധാനമന്ത്രിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയുംമേൽ ഒന്നുകൂടി സമ്മർദ്ദം ചെലുത്തണം

ശ്രീ. വക്കം പുരുഷോത്തമൻ: അത് ചെയ്യാം.

(2) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഡോക്ടർമാരും മരുന്നുകളും ഇല്ലാത്തതുമൂലം രോഗികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, വളരെയധികം പിന്നോക്കം നിൽക്കുന്ന മലപ്പുറം, വയനാട് ജില്ലകളിൽ പാവപ്പെട്ട ജനങ്ങളുടേയും രോഗമുള്ളവരുടേയും പ്രാധാനപ്പെട്ട ആശ്രയം സർക്കാർ ആശുപത്രികളും പബ്ലിക് ഹെൽത്ത് സെന്ററുകളുമാണ്. ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ലാത്തുതുമൂലം പല ആശുപത്രികളും പൂട്ടേണ്ട ഒരു ഗതികേട് വന്നിട്ടുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ തൃപ്പഞ്ചി, കുഴിമണ്ണ എന്നീ പബ്ളിക് ഹെൽത്ത് സെന്ററുകൾ പൂട്ടിക്കിടക്കുകയാണ്. അവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല. ഇന്നലെവരെ അവിടെ സമരങ്ങൾ നടന്നു, ധർണകൾ നടന്നു. ബഹുമാനപ്പെട്ട മന്ത്രിയിൽ എനിക്ക് പ്രതീക്ഷയുണ്ട്, പ്രത്യാശയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടേക്ക് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രികളായ പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ എന്നിവിടങ്ങളിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും ഒഴിവുകളുണ്ട്. മലപ്പുറം, എടവണ്ണ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കുറ്റിപ്പുറം, വണ്ടൂർ തുടങ്ങിയ പി.എച്ച്. സെന്ററുകളിലും ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. മമ്പുനാട് താലൂക്ക് ഹോമിയോ ആശുപത്രിയിൽ ഇന്ന് ഒരു ലബോറട്ടറി ഇല്ലാത്തതുമൂലം പാവപ്പെട്ട വൃദ്ധരായ രോഗികളെ മഞ്ചേരിയിലേക്ക് കൊണ്ടുപോകേണ്ട ഒരു ഗതികേടാണ്. അതുകൊണ്ട് മമ്പുനാട് താലൂക്ക് ഹോമിയോ ആശുപത്രിയിൽ അടിയന്തിരമായി ഒരു ലബോറട്ടറി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ അനസ്തെറ്റിസ്റ്റ് ഇല്ലാത്തതുകൊണ്ട് അവിടെ ഓപ്പറേഷൻ നടക്കുന്നില്ല. എനിക്ക് അഭിമാനമുണ്ട്, സ്വകാര്യ ആശുപത്രികൾ കൂടിയില്ലെങ്കിൽ നമ്മുടെ നാടിന്റെ സ്ഥിതി എന്താകുമായിരുന്നു? സ്വകാര്യ ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികൾ കൂടുതൽ പണം കൊടുക്കേണ്ടിവരും. പാവപ്പെട്ട രോഗികൾക്ക് എങ്ങനെയാണ് ആ ആശുപത്രികളിൽ പോകാൻ സാധിക്കുന്നത്? അങ്ങയോട് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നത് സർവ്വീസ് ക്വാട്ടയിൽ പോസ്റ്റ് ഗ്രാഡുവേഷന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ ക്വാട്ടയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് ഈ ഗവൺമെന്റ് നിർത്തലാക്കി അത് പുനഃപരിശോധിക്കാൻ ആവശ്യമായ നടപടികൾ അങ്ങ് മന്ത്രിസഭയിൽ എടുക്കണമെന്ന് അപേക്ഷിക്കുന്നു. Difficult rural area-ൽ 5 വർഷം സേവനം അനുഷ്ഠിച്ചവർക്ക് പി.ജി. കോഴ്സിന് ക്വാട്ടയുണ്ടായിരുന്നു. അതുപോലെ സീനിയോറിറ്റി ലിസ്റ്റിൽ പി.ജി.ക്ക് ക്വാട്ടയുണ്ടായിരുന്നു. ആ ക്വാട്ടകളെല്ലാം പുനഃപരിശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ പി.എസ്.സി. ലിസ്റ്റിൽ നിന്നും ആളെ ക്ഷണിച്ചു. പി.എസ്.സി.ക്ക് അപേക്ഷ കൊടുത്തു, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പക്ഷേ ജോയിൻ ചെയ്ത ഡോക്ടർമാർ എത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടോ? അവർക്ക് പുറത്ത് അധികം ശമ്പളം കിട്ടുന്നു, പുറത്ത് അവർക്ക് ജോലി കിട്ടുന്നു. ഇവിടെ പി.ജി.ക്ക് അഡ്മിഷനുള്ള റിസർവേഷൻ പോലും അങ്ങയുടെ സർക്കാർ എടുത്തുകളഞ്ഞതിൽ എനിക്ക് വളരെയധികം മനഃപ്രയാസമുണ്ട്. അവർക്ക് പഠിക്കാനുള്ള അവസരം നൽകിയെങ്കിൽ മാത്രമേ ആശുപത്രിയിൽ ഡോക്ടർമാരെ കിട്ടുകയുള്ളൂ, ജൂനിയർ ഡോക്ടർമാരെ കിട്ടുകയുള്ളൂ. അതുകൊണ്ട് വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലും പി.ജി.ക്കുള്ള കോഴ്സുകൾ, മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന കോഴ്സുകൾക്കുള്ള റിസർവേഷൻ നിലനിർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്വകാര്യ ആശുപത്രികൾ വളരെ സംഭാവന നൽകുന്നുണ്ട്, അത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ പണമുള്ളവർക്കാണ് സ്വകാര്യ ആശുപത്രി എന്ന് ബഹുമാനപ്പെട്ട മന്ത്രി ഓർക്കണം. പാവപ്പെട്ടവർ എവിടെ പോകും? മലപ്പുറം ജില്ലയിലെ, പെരിന്തൽമണ്ണയിലെ, നിലമ്പൂരിലെ, തിരൂരങ്ങാടിയിലെ, തിരൂരിലെയെല്ലാം ജനങ്ങൾ എവിടെ പോകും? എന്റെ നിയോജകമണ്ഡലത്തിൽ തൃപ്പഞ്ചി, കുഴിമണ്ണ എന്നീ രണ്ട് ആശുപത്രികൾ പൂട്ടിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് അന്വേഷിച്ച് നടപടിയെടുക്കണം. അവിടെ നാട്ടുകാരുടെതന്നെ ധർണ്ണ നടക്കുകയാണ്. പാവപ്പെട്ടവരുടെ രോദനങ്ങളാണ് എന്റെ പ്രസംഗത്തിലൂടെ ഈ സഭയിൽ കേൾക്കുന്നത് എന്ന് വളരെ വേദനയോടുകൂടി ഞാൻ പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രിയിൽ എനിക്ക് പ്രതീക്ഷയുണ്ട്. വേദനിക്കുന്ന ജനങ്ങൾക്കു വേണ്ടി, പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ആശുപത്രിയിൽ പാരാമെഡിക്കൽ സ്റ്റാഫിനേയും ഡോക്ടറേയും നിയമിക്കണം. അതുപോലെ ആവശ്യമായ മരുന്നുകൾ ലഭിക്കാത്തതുമൂലം പാവപ്പെട്ട രോഗികൾ അവിടെ വിഷമിക്കുന്നു. എച്ച്.ഡി.സി.യിൽ (Hospital Development Committee) പണമുണ്ട്. അത് ചെലവാക്കാനുള്ള അധികാരം എച്ച്.ഡി.സി.ക്കില്ല. എച്ച്.ഡി.സി. ഇന്നുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു. എച്ച്.ഡി.സി. പുനഃസ്ഥാപിക്കണം. എങ്കിൽ മാത്രമേ ആശുപത്രി പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഞാൻ ചുരുക്കുകയാണ്. എന്റെ ജില്ലയിലെ പാവപ്പെട്ട ജനങ്ങളുടെ ശബ്ദമാണ് ഈ നിയമസഭയിൽ കേൾക്കുന്നത് ഒരുപക്ഷേ ഈ നിയമസഭയിലെ അവസാനത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയമായിരിക്കും എന്റേത്. എന്നാലും എനിക്ക് സമാധാനമുണ്ട്, നിറഞ്ഞ ചാരിതാർത്ഥ്യമുണ്ട്. പാവപ്പെട്ടവർക്കുവേണ്ടി ഈ നിയമസഭയിൽ സംസാരിക്കുവാൻ അവസരം കിട്ടിയതിൽ എനിക്ക് അഭിമാനമുണ്ട്. അടുത്ത നിയമസഭയിൽ ചിലപ്പോൾ ഞാൻ ഉണ്ടായില്ലെന്നുവരും. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഇവിടെ സംസാരിച്ചതുപോലെ ഒരു പക്ഷേ ഇത് അവസാനത്തേത്

ആയിരിക്കും എന്നു പറയാൻ എനിക്ക് കഴിയും. എന്റെ അവസാനത്തെ വാക്കുകൾ കണക്കിലെടുത്തുകൊണ്ട് പാവപ്പെട്ട ഒരു ജനസമൂഹത്തിനുവേണ്ടി, ജനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ താണുകേണ് അപേക്ഷിക്കുകയാണ്, ആശുപത്രിയിൽ ചെന്നാൽ അവരെ നോക്കാൻ ഡോക്ടർമാരില്ലാത്തതുകൊണ്ട് പൂട്ടിക്കിടക്കുന്ന ആശുപത്രികൾ തുറക്കാനും ആവശ്യമായ ഡോക്ടർമാരെ നിയമിക്കാനും നടപടികൾ സ്വീകരിക്കണം. പുറത്തുനിൽക്കുന്ന ഡോക്ടർമാരെ ഇതിലേക്ക് ആകർഷിക്കണമെങ്കിൽ അവർക്കാവശ്യമായ സംവരണമുണ്ടാകണം. ഇവിടെ പി.ജി. കോഴ്സിന് സീനിയോറിറ്റി ക്വാട്ടയുണ്ടായിരുന്നു, സർവ്വീസ് ക്വാട്ടയുണ്ടായിരുന്നു. അത് നിലനിർത്തിക്കൊണ്ട് ജൂനിയർ ഡോക്ടർമാർ ഇവിടെ വരാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. അതുകൊണ്ട് വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ആശ്വാസ നടപടികൾ കൈക്കൊള്ളാൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിൽ എനിക്ക് പ്രതീക്ഷയുണ്ട്, പ്രത്യാശയുണ്ട്. അങ്ങ് ഇതിന്റെ ചുമതലയേറ്റിട്ട് വളരെ ചുരുക്കം നാളുകളേ ആയിട്ടുള്ളൂവെങ്കിലും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ദിവസം മതി. ഒരു ഗവൺമെന്റിന്, ഒരു മന്ത്രിയുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ഈ രാജ്യത്തെ ജനങ്ങൾ നോക്കിക്കാണുന്നത്. അതിന് സമയവും സന്ദർഭവും ഒരു പ്രശ്നമല്ല. അധികാര മുള്ളപ്പോൾ ആവശ്യമായ നിയമനിർമ്മാണം നടത്തിക്കൊണ്ട് ആവശ്യമായ നടപടികൾ ചെയ്യണം. എന്റെ നാട്ടിലെ പാവങ്ങൾക്കുവേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വീണ്ടും താണുകേണ് അപേക്ഷിക്കുകയാണ്, അവർക്ക് ഏക ആശ്രയം നമ്മുടെ സർക്കാർ ആശുപത്രികളും ജില്ലാ ആശുപത്രികളുമാണ്. അവർക്ക് ജില്ലാ ആശുപത്രികളിൽ പോകണമെങ്കിൽ, മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകണമെങ്കിൽ നാഴികകളോളം യാത്ര ചെയ്യണം. അവർക്ക് യാത്ര ചെയ്യാൻ ബസ്സുകളില്ല, കാറുകളില്ല. തൊട്ടുകിടക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളുടെ ശോചനീയമായ ഈ അവസ്ഥ പരിഹരിക്കണം. അതുപോലെ പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ അനസ്തെസ്റ്റിസ്റ്റ് ഇല്ലാത്തതുകൊണ്ട് അവിടെ ഓപ്പറേഷൻ മുടങ്ങിയിരിക്കുകയാണ്, അതുകൊണ്ട് പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ അനസ്തെസ്റ്റിസ്റ്റിന്റെ നിയമനം നടത്തണം. മഞ്ചേരി ജില്ലാ ആശുപത്രിയിലെ പരിതാപകരമായ സ്ഥിതി ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണനും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും നേരിട്ടുകണ്ടതാണ്. ഈ രണ്ട് എം.എൽ.എ.-മാരും അങ്ങേക്ക് സാക്ഷിയായി പറയും. പ്രൊഫ. സാവിത്രി ലക്ഷ്മണനും ശ്രീമതി പി.കെ. ശ്രീമതി ടീച്ചറും ആ പരിതാപകരമായ, രോഗികളുടെ ദയനീയമായ, വേദനിപ്പിക്കുന്ന, ദീനരോദനങ്ങൾ നേരിട്ടു കേട്ടവരാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ആശുപത്രി കാണുവാൻ ക്ഷണിക്കുകയാണ്. പാവപ്പെട്ടവർ കിടക്കുന്ന രംഗവും അവരുടെ വേദനകളും തിരിച്ചറിയുവാൻ അങ്ങ് ഞങ്ങളുടെ ജില്ലാ ആശുപത്രി ഒന്ന് സന്ദർശിക്കണമെന്ന് വളരെ താഴ്മയോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട്, വയനാട് ജില്ലയിലെ പാവപ്പെട്ടവരുടെ ദീനരോദനങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ പ്രത്യാശയും പ്രതീക്ഷയുമുള്ള ആരോഗ്യ വകുപ്പുമന്ത്രി മുന്നോട്ടു വരണമെന്ന് വളരെ താഴ്മയോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിനിസ്റ്റർ ഒന്ന് സമയമുണ്ടാക്കി അവിടെ സന്ദർശിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സത്യം പറഞ്ഞാൽ ഞാൻ എഴുതിക്കുറിച്ചുകൊണ്ടുവന്ന ഫയൽ ഇവിടെ വയ്ക്കുകയാണ്. എന്റെ മനസ്സിൽ നിന്നും ഒരു വാക്ക് പറയുന്നതാണ് ശരിയെന്നുള്ളതാണ് എന്റെ വിശ്വാസം. അതിന് കാരണമുണ്ട്. ശ്രീ. ഇസ്ഹാക് കുരിക്കളിന് ആക്സിഡന്റുണ്ടായ സമയത്ത് ഞാനന്ന് കോഴിക്കോടുണ്ടായിരുന്നു. അന്ന് അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചിരുന്ന സമയത്ത് എനിക്കും കൂടെ നിൽക്കാൻ സന്ദർഭമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ സത്യം പറഞ്ഞാൽ എന്റെ ഹൃദയത്തെ വല്ലാതെ പിടിച്ചുകുലുക്കുകയുണ്ടായി. അതോടൊപ്പംതന്നെ നമ്മുടെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റി മഞ്ചേരി ആശുപത്രി സന്ദർശിച്ചതിനുശേഷം അവർ കൊടുത്ത റെക്കമെൻഡേഷനിൽ ഒരു ഭാഗം ഞാൻ കാണാനിടയായി. ഈ രണ്ടു സാഹചര്യങ്ങളാണ് എന്റെ മനസ്സിനെ കൂടുതൽ വിഷമിപ്പിക്കുന്നത്. അതേസമയം നമുക്ക് ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സാമ്പത്തികമായ ക്ലേശങ്ങളുമുണ്ട്. ഇതിന്റെയെല്ലാംകൂടി മധ്യത്തിലാണ് നിൽക്കുന്നത്. മഞ്ചേരി ആശുപത്രിയിലെ അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും വാർഡിൽ അവിടത്തെ പ്രാഥമികാവശ്യത്തിനുവേണ്ടി സ്ത്രീകൾ ഉപയോഗിക്കുന്ന ടോയ്ലറ്റിന് വാതിൽപോലുമില്ലെന്നാണ് ഞാൻ കണ്ടത്. ഇതുപോലുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാകരുത്. ഇതുമായി സഹകരിക്കാൻ പറ്റുന്ന സ്പോൺസേഴ്സിനെ കണ്ടെത്തണം പ്രൈമറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ് ചെയ്യണം. അതു ഡെവലപ് ചെയ്യാൻ ഗവൺമെന്റിന്റെ കയ്യിൽ കാര്യമായ പണമൊന്നുമില്ല. ജനങ്ങളുടെ കൂടി സഹായ സഹകരണം അത്യാവശ്യമാണ്. അതിനുവേണ്ടി സ്പോൺസേഴ്സിനെ കണ്ടെത്തണം. ഈ മാസം 24-ാം തീയതി രാവിലെ 9.00-ന് മഞ്ചേരി ആശുപത്രി സന്ദർശിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുകയാണ്, അങ്ങ് പെർമിറ്റു ചെയ്യുകയാണെങ്കിൽ അന്നു രാവിലെ പോകാമെന്നു കരുതുകയാണ്. സമ്മേളം നടക്കുന്ന സമയമായതുകൊണ്ട്, ആ ദിവസം മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറയാം. ഡോക്ടർമാർ തികയുന്നില്ല. ഞങ്ങൾ പി.എസ്.സി.യിൽ നിന്നും ഡോക്ടർമാരെ എടുക്കാൻ തീരുമാനിച്ചു. കഴിഞ്ഞ ദിവസം ലിസ്റ്റ് ചോദിച്ചു. പക്ഷേ ജോയിൻ ചെയ്യുന്ന ആളുകൾ കുറവായതുകൊണ്ട്, നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിൽ അവിടെ ഡോക്ടർമാരെ കൊടുക്കാൻ കഴിയുന്നില്ല. ഞാൻ ഈ സഭയുടെ പൊതുവായ ചിന്തയ്ക്കുവേണ്ടി ഒരു കാര്യം കൂടി ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ ആശുപത്രിയിലെ ഡോക്ടർമാരുടെ ശമ്പളം എത്രയാണെന്ന് അങ്ങേയ്ക്കറിയാമല്ലോ? ഇവിടെ കിട്ടുന്നതിനേക്കാൾ കൂടുതൽ അട്രാക്ഷൻ പുറത്തുനിന്നും കിട്ടുന്നതിനാൽ അവർ അങ്ങോട്ടു പോകും. ഡോക്ടർമാരുടെ എണ്ണം കേരളത്തിൽ കൂടുതലാണെങ്കിലും സർവ്വീസിൽ വന്നെത്താൻ ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. അവർ മറ്റ് സ്ഥലങ്ങളിലേക്കു പോകുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രൈവറ്റ് പ്രാക്ടീസ് അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. പ്രൈവറ്റ് പ്രാക്ടീസ് അനുവദിക്കുമ്പോഴും പ്രാക്ടീസുള്ള സ്ഥലങ്ങളിൽ മാത്രമാണ് എണ്ണം കിട്ടുക.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്ത സ്ഥലങ്ങൾ പിന്നെയും റിജെക്ടഡ് ആയി പോകുകയാണ്. അതുകൊണ്ട് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. അതു വിജയിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയാണ്. ഡോക്ടർമാർക്ക് ഡോക്ടർമാരെയല്ലാതെ പകരം വയ്ക്കാൻ നമുക്ക് വേറെ ആളില്ല. അതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുകയാണ്. അവർക്ക് ആവശ്യമായ ഇൻസെന്റീവ് കൂടി കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഞങ്ങൾ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. ഏതെങ്കിലും രൂപത്തിൽ അവർക്ക് ഇൻസെന്റീവ് കൊടുക്കാൻ കഴിയുമെങ്കിൽ ഡോക്ടർമാരെ അതുപോലുള്ള സ്ഥലങ്ങളിൽ നിലനിർത്താൻ കഴിയും. അതല്ലാതെ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കിയിടുകയും ആ കെട്ടിടത്തിനകത്ത് രോഗികൾക്ക് കിടക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്താൽ, അവിടെ ഡോക്ടർമാർ ഇല്ലാതെ പോയാൽ, അവിടെ ചെയ്ത മുഴുവൻ പണികളും വ്യർത്ഥാവിലാവില്ലേ? അതുകൊണ്ട് അതു പ്രയോജനപ്പെടുത്താൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്. ശ്രീ. ഇസ്ഹാക് കുരിക്കൾ ഇവിടെ പറഞ്ഞ ചില പോയിന്റുകളെക്കുറിച്ച് രണ്ടുവാക്ക് ഞാൻ സംസാരിക്കാം. മലപ്പുറം ജില്ലയിൽ 9 സിവിൽ സർജന്മാരുടെയും 7 അസിസ്റ്റന്റ് സിവിൽ സർജന്മാരുടെയും ഒഴിവുകളുണ്ട്. അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. ഈ ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിർബന്ധിത ഗ്രാമീണ സേവനം മുഖേനയും അസിസ്റ്റന്റ് സർജന്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിവിൽ സർജന്മാരുടെ ഒഴിവുകളിലേക്ക് അസിസ്റ്റന്റ് സർജന്മാരിൽ നിന്നും പ്രൊമോഷൻ നൽകി നിയമനം നടത്തുന്നതിനുള്ള ഡി.പി.സി. ലിസ്റ്റ് അംഗീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. സിവിൽ സർജന്മാരുടെ നിയമനത്തിനുള്ള ശുപാർശ, ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകുന്ന മുറയ്ക്ക് സിവിൽ സർജന്മാരെ നിയമിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും അത്യാവശ്യമായ മരുന്നുകൾ ലഭ്യമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ നിർബന്ധപൂർവ്വമായ സമീപനം എടുക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തിരൂരിലെ ജില്ലാ മെഡിക്കൽ സ്റ്റോറിലും മരുന്നുകൾ ലഭ്യമാണ്. 2005 മേയ്, ജൂൺ മാസങ്ങളിൽ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ മീറ്റിംഗ് തിരുവനന്തരപുരത്തുവച്ച് നടന്നിട്ടുണ്ട്. കാലാകാലങ്ങളിൽ മോണിറ്ററിംഗ് സമ്പ്രദായം ഡിപ്പാർട്ടുമെന്റ് നടത്തുന്നതാണ്. ആരോഗ്യ വകുപ്പ് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് പി. ജി. കോഴ്സ് നിർത്തലാക്കിയത്. അതിലൊരു നിയമനിർമ്മാണം ആവശ്യമാണ്. അതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. നിയമനിർമ്മാണ നടപടിയെ സംബന്ധിച്ച് നിയമസഭയിൽ പറയാൻ പറ്റുന്നതും പറ്റാത്തതുമായ ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അതിലേക്കൊന്നും പ്രവേശിക്കുന്നില്ല. അതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: പി. ജി. കോഴ്സിനെക്കുറിച്ച് പറഞ്ഞപ്പോൾ സുപ്രീംകോടതിയുടെ വിധിയുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഞാൻ അങ്ങയുടെ ഉത്തരവിനെ ബഹുമാനിക്കുന്നു. പക്ഷേ തൊട്ടടുത്തു കിടക്കുന്ന തമിഴ്നാട്ടിലും കർണ്ണാടകത്തിലും മഹാരാഷ്ട്രയിലും ഈ നിയമം ബാധകമല്ലേ? അവിടങ്ങളിൽ സർവ്വീസിലുള്ള ഡോക്ടർമാർക്ക് പി. ജി. കോഴ്സിന് ക്വാട്ടയുണ്ട്. അവർ കൊടുക്കുന്നു. നിയമപരമായ കാര്യങ്ങൾ നിയമവിദഗ്ധരുമായി കൂടിയാലോചിച്ച്, പി. ജി.-ക്കുള്ള കോഴ്സ് പുനർ നിർണ്ണയിക്കുവാനാവശ്യമായ ക്രമീകരണങ്ങൾ അങ്ങ് ചെയ്യുമോ? അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ക്വാട്ട നിലനിർത്താമെന്നാണ് ഗവൺമെന്റിന്റെ ഔദ്യോഗികമായ സ്റ്റാന്റ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. നിശ്ചയമായും ഗവൺമെന്റ് അത് പാലിക്കും.

III. സബ്മിഷൻ

(1) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേരളത്തിലെ അര ലക്ഷത്തോളം വരുന്ന അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നീറുന്ന പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷനിലൂടെ ആഗ്രഹിക്കുന്നത്. അവർ നിരാശരും ഒപ്പം രോക്ഷാകുലരുമാണ്. കഴിഞ്ഞ നാലഞ്ച് മാസമായി, തുടർച്ചയായി ഈ ഗവൺമെന്റിന്റെ മുമ്പിൽ നിരവധി ആവശ്യങ്ങൾ അവർ നിരത്തിയെങ്കിലും അതിൽ ഒന്നുപോലും പരിഗണിക്കുന്നതിന് ഗവൺമെന്റ് തയ്യാറായില്ല. അവരുടെ മുറവിളി ഈ ഗവൺമെന്റ് കേൾക്കാൻ തയ്യാറായില്ല. അത് ഈ ഗവൺമെന്റിന്റെ ബധിര കർണ്ണങ്ങളിലാണ് പതിച്ചത്. അവർ അമ്മയാണ്, അധ്യാപികയാണ്, പരിചാരികയാണ് ഒപ്പം ഗവൺമെന്റിന്റേയും പഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റിയുടെയുമെല്ലാം പ്രവൃത്തികൾ സേവനമനസ്ക്കരായി ചെയ്യുകയും വേണം. പക്ഷേ അവർക്ക് കിട്ടുന്ന കൂലിയോ? മിനിമം വേജസ്സെന്നു പറയാൻ പോലുമില്ല. വളരെ തുച്ഛമായിട്ടുള്ള കൂലിക്കാണ് അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചു തുടങ്ങിയിട്ട് വർഷങ്ങളായി. അതുകൊണ്ട് എനിക്ക് വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളത് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നുള്ളതാണ്. അവരെ അങ്ങനെ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കാലതാമസം വരികയാണെങ്കിൽ, അല്പം കാലതാമസം എടുത്താൽപോലും വേണ്ടില്ല, അവരെ അംഗീകരിക്കണം. അംഗൻവാടി വർക്കർമാർക്ക് ഒരു ദിവസം 100 രൂപ വച്ച് 3000 രൂപയും ഹെൽപ്പർമാർക്ക് 2000 രൂപയുമാക്കി ഉയർത്തണം. അതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് അവർ സെക്രട്ടേറിയറ്റ് വളഞ്ഞിരിക്കുകയാണ്. വളരെ ശക്തമായ രോക്ഷമാണ് അവരുടെ മനസ്സിലുള്ളത്. എപ്പോഴാണ് അത് പൊട്ടിത്തെറിക്കുക എന്നറിയില്ല. എല്ലാവരും സ്ത്രീകളാണ്. പുരുഷന്മാർ ഈ രംഗത്തേക്ക് കടന്നുവന്നിട്ടില്ല. അതുകൊണ്ട്